(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്വന്തമായി രണ്ട് സെന്റ് ഭൂമിയെങ്കിലും ഉള്ളവർക്കും വാസയോഗ്യമായ വീടില്ലാത്തവർക്കും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അപേക്ഷിക്കാം. ഐ.എ.വൈ. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല ഗ്രാമ സഭകൾക്കാണ്. ലക്ഷ്യ വിഭാഗത്തിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാക്രമം താഴെക്കൊടുത്തിരിക്കുന്നു :

(i) മോചിപ്പിക്കപ്പെട്ട അടിമത്തൊഴിലാളികൾ
(ii) അതിക്രമത്തിന് വിധേയരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ.
(iii) വിധവകളും അവിവാഹിതകളും കുടുംബനാഥരായിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ.
(iv) വെള്ളപ്പൊക്കം, തീപിടിത്തം, ഭൂകമ്പം മുതലായ പ്രകൃതിക്ഷോഭങ്ങൾക്കിരയായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ.
(v) കൊല്ലപ്പെട്ട സായുധ സേനാംഗങ്ങളുടെ കുടുംബങ്ങൾ/വിധവകൾ.
(vi) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റു പട്ടികജാതി/പട്ടികവർഗ്ഗക്കാരല്ലാത്ത കുടുംബങ്ങൾ.
(vii) വികലാംഗരും ബുദ്ധിമാന്ദ്യമുള്ളവരും.

ഗുണഭോക്തൃ കുടുംബത്തിലെ സ്ത്രീ അംഗത്തിന്റെ പേരിലാണ് വീട് അനുവദിക്കുന്നത്. ഭർത്താവിന്റെയും ഭാര്യയുടെയും കൂട്ടായ പേരിലും വീട് അനുവദിക്കാവുന്നതാണ്.

(സി) 36,950 പേർക്ക് ആനുകൂല്യം നൽകി.

'പുര' പദ്ധതി

120 [681] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ഗ്രാമവികസന ബ്ലോക്കുകളെയാണ് 'പുര' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) എല്ലാ ഗ്രാമവികസന ബ്ലോക്കുകളും 'പുര' പദ്ധതിയുടെ പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കി ഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിച്ചു കഴിഞ്ഞോയെന്നും ഓരോ ബ്ലോക്കും എത്ര തുകയുടെ വീതം പ്രൊപ്പോസലുകളാണ് സമർപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) ഇതിൽ ഏതെല്ലാം പ്രൊപ്പോസലുകൾക്ക് ഗ്രാമവികസന മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചു കഴിഞ്ഞുവെന്നും ബാക്കിയുള്ള പ്രൊപ്പോസലുകൾക്ക് എപ്പോൾ അംഗീകാരം ലഭ്യമാകുമെന്നും വ്യക്തമാക്കുമോ ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി) 'പുര' പദ്ധതി ബ്ലോക്ക് അടിസ്ഥാനത്തിലല്ല നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട നഗര പ്രദേശങ്ങളുടെ പ്രാന്ത പ്രദേശങ്ങളിലാണ് പുര പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

(ഡി) കേന്ദ്ര സർക്കാർ പദ്ധതി അംഗീകരിക്കുന്ന മുറയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതാണ്.

'പുര' പദ്ധതിക്ക് വകയിരുത്തിയ തുക

121 [682] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുര പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് നടപ്പിലാക്കുന്നത്;

(ബി) പുനലൂരിൽ ഏതെല്ലാം പഞ്ചയത്തുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) ഇവിടെ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; ഓരോന്നിനും വകയിരുത്തിയിരിക്കുന്ന തുക എത്രയാണ്;

(ഡി) ഈ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിരുന്നുവോ; എങ്കിൽ എന്നാണ് സമർപ്പിച്ചത്;

(ഇ) ഈ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് നടപ്പിലാക്കുന്ന പുര പദ്ധതികൾക്ക് കേന്ദ്ര അംഗീകാരം ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുര പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ 12 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട താഴെപ്പറയുന്ന ചെറുനഗരങ്ങളുടെ പ്രാന്ത പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	*ജില്ല*	*തെരഞ്ഞെടുക്കപ്പെട്ട ചെറുപട്ടണങ്ങളുടെ പ്രാന്തപ്രദേശങ്ങൾ*
(1)	(2)	(3)
1	ആലപ്പുഴ	മുതുകുളം, ഭരണിക്കാവ്
2	ഇടുക്കി	തൊടുപുഴ
3	കാസർഗോഡ്	കാഞ്ഞങ്ങാട്, നീലേശ്വരം
4	കണ്ണൂർ	പയ്യന്നൂർ

LIBRARY ARCHIVES Kerala Legislative Assembly